# നിറവ്




1924-2024

NSSHSS Karuvatta
100 YEARS

35036




നമ്മുടെ മുത്തശ്ശി വിദ്യാലയത്തിന്  നൂറു വയസ് തികയുന്ന ഈ വേളയിൽ  ലിറ്റിൽ കൈറ്റ്സ് 2022-25 ബാച്ച് അണിയിച്ചൊരുക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു...

സ്നേഹപൂർവ്വം

ശ്രീദേവി കെ
ഹെഡ്മിസ്ട്രെസ്
NSS HS കരുവാറ്റ

## ഉള്ളടക്കം


| | | |
|---|---|---|
| 1 | ആശംസകൾ | 5 |
| 2 | സ്മൃതി | 6 |
| 3 | മായുന്ന പ്രകൃതി | 7 |
| 4 | അവൾ | 8 |
| 5 | In My Deep Mind | 9 |
| 6 | ഓർമ്മ | 10 |
| 7 | എന്റെ അമ്മ | 11 |
| 8 | എന്റെ അച്ഛൻ | 12 |
| 9 | കാർമേഘം | 13 |

| | | |
|---|---|---|
| 10 | "Cacophony of Solitude" | 14 |
| 11 | നിമിഷങ്ങളുടെ നദി | 15 |
| 12 | പ്രകൃതി | 16 |
| 13 | പരിസ്ഥിതി ദിന ക്വിസ് | 17 |
| 14 | കുഞ്ഞി തത്തമ്മ* | 18 |
| 15 | നായ | 19 |
| 16 | ഏകാന്തതയുടെ അപസ്വരം | 20 |
| 17 | ജിവിതം | 21 |
| 18 | അമ്മയ്ക്ക് വേണ്ടി | 22 |

# ആശംസകൾ

കാലത്തിൽ വീഥിയിൽ കൊഴിയാതെ കാത്തിടാം.
ആദ്യമില്ലാത്ത മനമായി മാറിടാം
വേലയ്ക്ക് കൂലിയെന്നാരോ പറഞ്ഞിട്ടും
ബാല്യങ്ങൾ വ്യർത്ഥമായ് മാറീടരുതൊട്ടും
അറിവുകൾ നേടിടാം ആത്മാർത്ഥതയോടെ
സ്വയം മറന്നിടാം
സ്വയം നിൻ പ്രകൃതിയെ കുറിച്ചുവെക്കുവാൻ
മനസുകാട്ടേണം
മറിച്ചുനോക്കിടാം ഇടയ്ക്കിടെക്കാണണം
രക്ഷിതാക്കളെ പ്രാണനായ്ക്കാണണം.
രക്ഷനേടുവാൻ ഇക്ഷിതി തന്നിൽ
നല്ല കൂട്ടരായ്ത്തീരണം.
ജീവിതത്തിൽ വിജയം വരിക്കണം.

ഒട്ടുബുദ്ധിമുട്ടുണ്ടായിടാം
ക്ഷമയുണ്ടായിടണം
കഷ്ടതകളൊന്നുമേശാത്ത
കൃക്ഷ്ടലോകർതൻ
തെരുവിൻ
നീ ചിരിച്ചിടാൻ
പലതും നേടുവാൻ പരക്കം
സ്വയമറിഞ്ഞു നീ സ്വപ്നം
ഉദിക്കും സൂര്യനായ്,
വിളങ്ങിടേണം നീ
സഹനശക്തി നീ
ഇഹത്തിലീവിധം
വിളിച്ചുനീട്ടിടും രസങ്ങൾ
ചതിക്കുഴികൾ നീ



നിനക്കിത്രപോലും

പ്രായത്തിൽ
കഷ്ടപ്പാടോർക്കണം.
മക്കളെയറിഞ്ഞിടേണം
ഗതിയവർക്കുമേകണം
പാഞ്ഞിടാ
കാണണം.
തെളിഞ്ഞവാനമായ്
വിശുദ്ധനാകണം
പടുത്തുയർത്തണം
മിടുക്കനാവണം
തന്നിലെ
മനസ്സിലാക്കണം

അല്പമായീടും ജീവിതയാത്രയിൽ
സ്വല്പമെങ്കിലും എളിമകാട്ടീടണം
അച്ചടക്കമായ് ജീവിതം പോകവെ
ഉത്തമനായ് വാഴ്ത്തുമീലോകവും
സ്വപ്നം കാണുവാൻ മാത്രമല്ലാതെ നീ
സ്വപ്നം നേടുവാൻ പ്രപ്തനായ്ത്തീരണം
കപടലോകത്തെയറിഞ്ഞു കൊള്ളണം
പടുത്വമില്ലാത്ത വഴികൾ തേടണം
ഉരുക്കഴിക്കണം ഗുരുവിൻ വാക്കുകൾ
കരുതലോടെ നീ നടന്നുനീങ്ങണം.

അമൽ ജി കൃഷ്ണ 9C

# സ്മൃതി

പച്ചവിരിച്ചൊരു പടവരമ്പിലൂടെ

ഓടി നടന്നൊരു ബാല്യകാലം...

പൂക്കൾ പറിച്ചും പൂന്തേൻ നുകർന്നും

കൂട്ടുകാരോടൊത്തു കളിച്ച കാലം...

അറിവിന്റെ നിറദീപം തെളിയുന്ന

മുറ്റത്തേക്കൊന്നിച്ചു പോയൊരു ബാല്യകാലം...

സ്നേഹവും അറിവും സുഖവും ദുഃഖവും

ഒന്നിച്ചു പങ്കിട്ട നല്ല കാലം...

പ്രായം പോയി കാലം കഴിഞ്ഞപ്പോൾ

ഓർക്കുന്നു ഞാനാ കുട്ടിക്കാലം...

മറ്റൊരിക്കലും കിട്ടാത്ത ആ നല്ല ഓർമകൾ

തിരികെ വരുമെന്ന സ്വപ്നവുമായി,

കാത്തിരിക്കുന്നു ഞാൻ വീണ്ടും വീണ്ടും....

അതുൽ പി റെജി 9

# മായുന്ന പ്രകൃതി

എങ്ങോ മറയുന്നു എന്റെ പ്രകൃതി തൻ
സൗന്ദര്യം ഇന്നിതാ മാഞ്ഞു പോന്നു
കള കള നാദം പൊഴിച്ചണ്ടൊഴുകിയ
നദികളെല്ലാം ഇന്നെവിടെയാണ്.....?
കുളിക്കാറ്റ് നൽക്കുന്ന
അരുവിയുമെങ്ങുപോയ്....
എവിടെ തളിർക്കുന്നു മാമരങ്ങൾ.....?

അവയെല്ലാം– ഇന്നെനിക്കന്യമായി,
അവയെല്ലാം ഭൂമിക്ക്– നഷ്ടമായി.

ദാഹജലം നൽകി മനുജന് താങ്ങായാ –
പൊയ്കകൾ എന്തേ– മരിച്ച പോയോ...?
മഴയില്ല മാനത്തു, കാർമേഘക്കൂട്ടങ്ങൾ
ഒട്ടുമേ വന്നണയാറുമില്ല.
കലിതുള്ളി എത്തും– ചിലപ്പോൾ
മനുഷ്യനെ വിഴുങ്ങാൻ– തക്കൊരു പ്രളയമായി.

എവിടെ തിരയണം– ഋതുഭേദമിന്നു ഞാൻ
എവിടെയോ അവയെല്ലാം– നഷ്ടമായി...
ഇനിയും തളിർക്കട്ടെ– മാമരങ്ങൾ....
അവയെല്ലാം പൂ ചൂടി നിന്നിടട്ടെ.....

ആരോമൽ. ഡി.9C

# അവൾ

2023 മാർച്ച് 16 ഇസ്രായേൽ അധിനിവേശം ഫലസ്തീൻ ഗ്രാമങ്ങളെ തകത്തുതരിപ്പണമാക്കിക്കൊണ്ടിരുന്ന കാലം. ഗാസയിലെ റാഫയിൽ ഇസ്രായേൽ സൈന്യത്തിൻ്റെ ബുൾഡോസറുകൾ ഇരമ്പിയാർക്കുകയാണ്. മേഖലയിൽ അവശേഷിക്കുന്ന ഫലസ്തീൻ കെട്ടിടങ്ങൾ കൂടി തകർത്തുതരിപ്പണമാക്കിക്കൊണ്ട് ഇസ്രായേൽ സൈന്യം സംഹാരതാണ്ഡവമാടുന്നു. തങ്ങളുടെ വീടുകൾ, ഗ്രാമങ്ങൾ, ദേവാലയങ്ങൾ എല്ലാം തവിടുപൊടിയാകുന്നത് കണ്ട് നിസ്സഹായതയോടെ നോക്കി നിൽക്കുന്ന അനേകം ഫലസ്തീൻ കുടുംബങ്ങൾ. ഇതിനിടയിൽ ഫ്ലൂറസെൻ്റ് നിറമുള്ള വസ്ത്രം ധരിച്ച് ഒരു പെൺകുട്ടി കൈയ്യിൽ ഒരു മെഗാഫോണുമായി സൈന്യത്തിൻ്റെ ബുൾഡോസറിൻ്റെ മുമ്പിൽ ചെന്നു നിന്നു.എന്നിട്ട് ഉച്ചത്തിൽ വിളിച്ചു പറഞ്ഞു. ഞാനും ഒരു അമേരിക്കക്കാരിയാണ് . നിങ്ങൾ കാട്ടുന്നത് നീതികേടാണ്. ഈ ക്രൂരതയിൽ നിന്ന് നിങ്ങൾ പിന്മാറണം. ഈ പാവങ്ങളെ ജീവിക്കാൻ അനുവദിക്കണം. ഇത് അവരുടെ മണ്ണാണ്. ഏതാനും ദിവസങ്ങളായി ഫലസ്തീൻ കെട്ടിടങ്ങൾ ഇടിച്ചുനേരത്തുണ ഇസ്രായേൽ സൈന്യകർക്ക് ആ പെൺകുട്ടിയുടെ എതിർപ്പ് ഒട്ടും സഹിച്ചില്ല .വഴിയിൽ നിന്നും മാറാൻ അവർ ഭീഷണിയുയർത്തി. അവൾ മാറിയില്ല. സൈന്യത്തിൻ്റെ ഭീകരതയ്ക്ക് മുന്നിൽ ഒട്ടും കുലുങ്ങാതെ ഒറ്റയാൾ പട്ടാളമായി ആ പെൺകുട്ടി നിന്നു. സൈന്യം അവൾക്കു മുകളിലൂടെ രണ്ടു തവണ ബുൾഡോസർ പായിച്ചു. ബുൾഡോസറിൻ്റെ ബ്ലേഡിനടിയിൽ പെട്ട് തലയോട്ടി തകർന്ന് മണ്ണിൽ പുതഞ്ഞുപോയിരുന്നു ആ ശരീരം. കുറച്ചു ജീവൻ ബാക്കിയുണ്ടായിരുന്ന സമയത്ത് പോലും അവൾ  ഫലസ്തീന്  വേണ്ടി വിതുമ്പുന്നുണ്ടായിരുന്നു.

അമേരിക്കയിലെ ഒരു മധ്യവർഗ കുടുംബത്തിൻ്റെ സുഖലോലുപതകളിൽ ജനിച്ചിട്ടും അതെല്ലാമുപേക്ഷിച്ച് ലോകത്തിലെ ഏറ്റവും അടിച്ചമർത്തപ്പെട്ടു കൊണ്ടിരിക്കുന്ന ജനതക്ക് വേണ്ടി ജീവിതം സമർപ്പിച്ച അനശ്വര രക്തസാക്ഷി. അധിനിവേഷങ്ങൾക്കെതിരായ പോരാട്ടങ്ങളുടെ പ്രതീകമായി അവൾ ' . മരിയ്ക്കുന്നില്ല ഒരിയ്ക്കലും. എന്നും ഫലസ്തീൻ ജനതയുടെ ഹൃദയത്തിൽ അവൾ ജീവിക്കും "മരണമില്ലാത്ത പെൺകുട്ടി" ആയി.


"റേച്ചൽ കോറി".

.......................

അഭിരാമി. വി. 9D



# In My Deep Mind



There are some strings
Trying to tune something
with melody deep and slow
But stuck in my mind...

Let's try, my mind whispered
Just once more, But I can't
It's somewhere in my mind
It's in my deep mind...

I wish, I could, its like lipography
Apathetic in real
Still includible in mind...

How can I let it go
No name just a feeling
It's not heavy or light
An unknown, simply an emotion...

Delna Mariam Benny 9B

# ഓർമ്മ

ഓർമ്മകൾ നമ്മൾ എവിടെയാണുപേക്ഷിക്കുക..
ഏതേടിലാണ് പകർത്തുക..
പറയാൻ മറന്ന വാക്കുകൾക്കിടയിൽ,
എഴുതാൻ നിനച്ച അക്ഷരങ്ങൾക്കിടയിൽ
എന്റെ മൗനം ധ്യാനമിരിക്കുന്നു.
എങ്ങും നിശബ്ദത തൻ ഭയാനകം...

എങ്കിലും
ഒച്ചയനക്കങ്ങളില്ലാതെ
മറ്റാരെയും വേദനിപ്പിക്കാതെ
ഓർമ്മകളെന്നെ തേടിയെത്തുന്നു.
എന്റെ ഓർമ്മകൾ എന്നിൽ വന്നണയുന്നു.

ആദിത്യൻ. എസ്.9B



# എന്റെ അമ്മ

തളരുന്ന എന്നെ ഉശിരോടെ ഉയർത്തി
മിഴിവാർന്ന എന്നിൽ പുഞ്ചിരിതൂകി അലിവോടെയെന്നെ
ഊട്ടിയുറക്കി
പാഠങ്ങൾ ഒക്കെ
ചൊല്ലിപ്പഠിപ്പിച്ചു
വഴുതി വീഴുമ്മുമ്പേ കൈത്താങ്ങ് നൽകും
താരാട്ടുപാടി തലയിൽ തലോടി-
മാറോടണയ്ക്കുമെൻ അമ്മ
എന്നുള്ളിലുള്ള ഒരു ജീവനാണ് എൻ്റെ അമ്മ.

_ശ്രീഹരി. ആർ.9C

# എന്റെ അച്ഛൻ



കാഴ്ചയിൽ കല്ലു പോൽ തോന്നാറുണ്ടെങ്കിലും

അഴകുള്ള കവിതയാണെന്നും അച്ഛൻ

അമ്മ ചൊല്ലിത്തരും കവിതയിൽ നിത്യവും

മിഴിവാർന്ന നായകൻ  എന്നും അച്ഛൻ

അറിയാതെ പ്രതിസന്ധി പുണരുന്ന നേരത്ത്

കുലുങ്ങാത്ത കുന്നുപോലുയരും അച്ഛൻ

അഭിനവ്.എ.9B

# കാർമേഘം


കാർമേഘം

മനം പോലെ മാനവും ഇരുളുന്നു വീണ്ടും....
പെയ്തൊഴിയൊഴിയുന്നില്ല ഒരു തുള്ളി പോലും..
ഘനമേറെയാറിത്തണുക്കാനും
ആർത്തലച്ചു പെയ്യണം....
ലഘുവായ് വീണ്ടും വാനിലേക്കുണർന്നുയരാൻ
ഈ ചക്രമിതു പോൽ തുടരണം....

ശബരീനാഥ് . 9C

മനം പോലെ മാനവും ഇരുളുന്നു വീണ്ടും....
പെയ്തൊഴിയൊഴിയുന്നില്ല ഒരു തുള്ളി പോലും..
ഘനമേറെയാറിത്തണുക്കാനും
ആർത്തലച്ചു പെയ്യണം....
ലഘുവായ് വീണ്ടും വാനിലേക്കുണർന്നുയരാൻ
ഈ ചക്രമിതു പോൽ തുടരണം....

ശബരീനാഥ് . 9C




## "Cacophony of Solitude"

Amidst shadows deep,
Solitude's silent whispers,
Lonely steps echo.

Unknown landscapes unfold,
A dance of solitary yearning,
Silent journey's tale.

No laughter shared,
No hand to hold,
In the loneliest world.

Heart's quiet song,
Longing for connection,
Symphony of solitude.

In the dance of shadows,
Whispers in the breeze,
A rhythmic poem unfolds.

Sahala Nasrin 9C

## നിമിഷങ്ങളുടെ നദി

വെയിൽമുത്തുകൾ ചിതറും പ്രഭാതം,
പുഴ പോലെ ഒഴുകും നിമിഷങ്ങൾ.
കുട്ടിക്കളി, സ്വപ്നങ്ങൾ, പൂക്കൾ വിരിയൽ,
പാട്ടുകൾ പോലെ മറഞ്ഞുപോകും.

മധ്യാഹ്നത്തിന്റെ നിശ്ശബ്ദതയിൽ,
ഓർമകൾ കളിക്കും തീരങ്ങളിൽ.
ചിതറിയ ചിരികളും കണ്ണീർത്തുള്ളികളും,
മണൽത്തരികൾ പോലെ ഒഴുകും.

സന്ധ്യയുടെ ചായങ്ങളിൽ,
ഭാവിയുടെ നിഴൽ നീളും.
മറഞ്ഞൊഴുകുന്ന നിമിഷങ്ങൾ,
ഒരു നീർച്ചുഴിയിലേക്ക്.

നോയൽ ബിജി ചാക്കോ 9D



# പ്രകൃതി

## പരിസ്ഥിതി ദിന ക്വിസ്

1.ലോക പരിസ്ഥിതി ദിനം എന്നാണ് ?
ജൂൺ 5

2.2023 ലെ പരിസ്ഥിതി ദിനത്തിന്റെ സന്ദേശം എന്താണ് ?
പ്ലാസ്റ്റിക് മലിനീകരണം തടയുക

3.2024 ലെ പരിസ്ഥിതി ദിനത്തിന്റെ ആതിഥേയത്വം വഹിക്കുന്ന രാജ്യം?
സൗദി അറേബ്യ

4.ഇന്ത്യയിൽ ഹരിത വിപ്ലവത്തിന് തുടക്കം കുറിച്ച വർഷം ഏത്
1966

5. ഇന്ത്യൻ ഹരിത വിപ്ലവത്തിന്റെ പിതാവ് എന്നറിയപ്പെടുന്നത്?
ഡോ.എം എസ് സ്വാമിനാഥൻ

6.ലോക പരിസ്ഥിതി ദിനം ആദ്യമായി ആചരിച്ച വർഷം?
1974

7.ഇന്ത്യൻ പരിസ്ഥിതി ശാസ്ത്രത്തിന്റെ പിതാവ് എന്നറിയപ്പെടുന്നത് ?
പ്രൊഫ ആർ മിശ്ര

8. ഇന്ത്യൻ പരിസ്ഥിതി ശാസ്ത്രത്തിന്റെ മാതാവ് എന്നറിയപ്പെടുന്നത് ?
മേധാപട്കർ

9.ജൈവ കൃഷിയുടെ ഉപജ്ഞാതാവ് എന്നറിയപ്പെടുന്നത് ആരാണ് ?
മാസനോബു ഫുക്കുവോക്ക

10.ആധുനിക പരിസ്ഥിതിയുടെ പിതാവ് എന്നറിയപ്പെടുന്നത് ?
യൂജിൻ പി ഓഡ്

അൻസ സനിൽ 9C

# കുഞ്ഞി തത്തമ്മ*


ഇടിയും മിന്നലും മഴയുമുള്ള രാത്രിയിൽ ഒരു മാവിൻ കൊമ്പത്ത് ഒരു കുഞ്ഞു തത്ത തണുത്തുവിറച്ചിരിക്കുകയായിരുന്നു. നല്ല കാറ്റ് വീശിയപ്പോൾ ആ കൊമ്പൊടിഞ്ഞു തത്ത താഴെ വീണു. ആ കുഞ്ഞു തത്തയ്ക്ക് പരിക്കേറ്റ് നിലത്തു കടക്കുകയായിരുന്നു. അടുത്ത ദിവസം രണ്ടു കുട്ടികൾ അതുവഴി നടന്നു പോകുകയായിരുന്നു അപ്പോൾ ഒടിഞ്ഞു താഴെ കിടക്കുന്ന മരക്കൊമ്പിന്റെ ഇടയിൽ നിന്നും ഒരു തത്ത കുഞ്ഞിന്റെ കരച്ചിൽ അവർ കേട്ടു.അവർ ഓടിച്ചെന്ന് തത്ത എടുത്തു.അവർ അതിനെ വീട്ടിൽ കൊണ്ടുപോയി നല്ലതായി അതിനെ പരിചരിച്ചു. കുറേ ദിവസം കഴിഞ്ഞ് തത്തയ്ക്ക് തീറ്റ കൊടുക്കാൻ ചെന്നപ്പോൾ ആ കൂട്ടിൽ നിന്നും ആ തത്ത പ റന്നുപോയി. ആ കുട്ടികൾ അതിനെ അവിടെയെല്ലാം നോക്കി എന്നിട്ടും അതിനെ അവർക്ക് കിട്ടിയില്ല. തത്ത പറന്നു പോയത് കാരണം അവർക്ക് വളരെ വിഷമമായി.

# നായ

പണ്ട്. പണ്ട്... ഒരു ഗ്രാമത്തിൽ ഒരു ആട്ടിടയൻ ഉണ്ടായിരുന്നു. ആ ആട്ടിടയന് ഒരു ദിവസം ഒരു നായക്കുഞ്ഞിനെ കിട്ടി  അതിനെ ഇടയൻ വളർത്തി. കുറെ ദിവസങ്ങൾ കടന്നുപോയി ആ നായ ഇപ്പോൾ ഒരു ആരോഗ്യവാനായ ഒരു നായയായി. ഇടയൻ ആടിനെ മേക്കാൻ പോകുമ്പോൾ ഈ നായയും കൂടെ പോകും.

അങ്ങനെ കുറേ കാലങ്ങൾ കടന്ന് പോയി. ആ നായക്ക് വയസായി. പണ്ടത്തെപ്പോലെ ശരീരത്തിന് ആവതില്ല. ഇനി ഈ നായയെ ഒന്നിനും കൊള്ളില്ലെന്ന്   ഇടയനും കുടുംബത്തിനും മനസിലായി. അവർ അതിനെ ഒഴിവാക്കാൻ തുടങ്ങി. അതിന് പഴയത് പോലെ ആഹാരമോ ഒന്നും കൊടുക്കുന്നില്ല. പഴയത് പോലെ അതിന്റെ കൂടെ ഇരിക്കുന്നില്ല. അത് പഴയതിനേക്കാൾ വീണ്ടും ക്ഷീണിച്ചു. അത് ആഹാരത്തിന് വേണ്ടി അലയാൻ തുടങ്ങി. അത് കണ്ടത്തിൽ നിന്ന് ജീവ ജന്തുക്കളെ പിടിച്ചു തിന്നു വിശപ്പ് മാറ്റി. എന്നാലും ആ നായ അവന്റെ യജമാനനെ വിട്ട് പോയില്ല. ഒരു ദിവസം ഇടയനും  ഭാര്യയും അവരുടെ കൊച്ചു കുഞ്ഞുമായി വയലിൽ  പണിക്ക് പോയി. അവർ കുഞ്ഞിനെ ഒരു മരത്തണലിൽ ഇരുത്തിയിട്ട് ജോലിക്കിറങ്ങി. അവർ പോയപ്പോൾ അവരുടെ കൂടെ ആ നായയും പോയി. ആ നായ കണ്ടത്തിന്റെ വരമ്പത്തൂടെ നടക്കുമ്പോൾ ഇടയെന്റെ ഭാര്യ ആ നായയെ അടിച്ചോടിച്ചു. അത് കരഞ്ഞു കൊണ്ട് ഓടിപ്പോയി. അപ്പോൾ കുറ്റിക്കാടിന്റെ മറവിൽ നിന്ന് ഒരു ചെന്നായ ഇടയന്റെ കുഞ്ഞിനു നേരെ വന്നു. ഇടയന്റെ ഭാര്യ അലറി വിളിച്ചു. ചെന്നായ കുട്ടിയുടെ അടുത്ത് എത്തിയതും ആ നായ അതിനെ പേടിപ്പിച്ചു ഓടിച്ചു. ആ ഇടയനും ഭാര്യക്കും സന്തോഷമായി. അവർ കുട്ടിയെയും നായയെയും കൈയിൽ എടുത്തു തലോടി......





# ഏകാന്തതയുടെ അപസ്വരം

നിഴലുകളുടെ ആഴങ്ങൾക്കിടയിൽ ഏകാന്തത നിശബ്ദം പിറുപിറുക്കുന്നു.

അപരിചിതമായ പ്രകൃതി വിരി നിവർത്തുമ്പോൾ,
നിശബ്ദ യാത്രയുടെ കഥയിൽ ഏകാന്തമായ അഭിലാഷങ്ങൾ ചുവട് വെക്കുന്നു.

ഒരു പുഞ്ചിരിപോലും പങ്കുവെക്കപ്പെടുന്നില്ല, കോർത്തുപിടിക്കാൻ കൈയേതുമില്ല,
ഏകാന്തതയുടെ ഈ അപാര ലോകത്തിൽ.

ഹൃത്തടം നിശബ്ദം പാട്ട് മൂളി,
ആരോ കൂട്ടുകൂടാൻ വരുമെന്ന മോഹവുമായി,
ഏകാന്തതയുടെ വാദ്യോപകരണങ്ങൾ ഈണമേകി.

നിഴലുകൾ നൃത്തമാടവേ,
ഇളം തെന്നൽ തലോടിയകലവേ,
ഒരു കുഞ്ഞു കവിത വിരിയുകയായി.

അനൂപ്. എസ്. 9C

# ജീവിതം

ഈ ജീവിത വഴിയിൽ എന്റെ കൈ പിടിച്ചു മുന്നോട്ട് നയിക്കുന്ന എന്റെ അച്ഛൻ.
കൂടെ ഗുരുവായ്, കൂട്ടുകാരിയായി പല വേഷത്തിൽ എത്തുന്ന അമ്മയും.
ഈ ജീവിത യാത്രയിലെ ശെരി തെറ്റുകൾ വേർതിരിച്ചു കാട്ടിതരുന്നൊരു ചേട്ടനും.
മധുരമാം ഈ ജീവിത യാത്രയിൽ എനിക്ക് കിട്ടി കുറെ ഗുരുക്കൻ മാരും.
അതിലുപരി താങ്ങും തണലുമായി കുറച്ചു നല്ല കൂട്ടുകാരും.
അങ്ങനെ ഈ മധുരമാം ജീവിതം മുന്നോട്ട്,..

# അമ്മയ്ക്ക് വേണ്ടി

കണ്മണിയെ കൺകുളിരെ നീ വളര്...
ആ അമ്മയ്ക്ക് കരുതലായ് നീ നിൽക്ക് ...
നീ നിൻ അമ്മയ്ക്കു തണലാവ്...
നിൻ അമ്മയ്ക്കു നീയെന്നും തുണയാവ്...
മഴയില്ലും വെയിലിലും ചാരത്തു കൂട്ടാവ്...
കൈവിടാതങ്ങനെ ചേർത്തു നിർത്ത്...
കണ്മണിയെ കൺകുളിരെ നിൻ അമ്മതൻ സ്നേഹം
കുളിരാണ്...
നീ നിൻ അമ്മയ്ക്കു കരളാണ്...

## എഡിറ്റേഴ്സ് ക്ലബ്

1. ആരോമൽ. ഡി. 9C
2. അർജ്ജുൻ ലാൽ. എസ്. 9D
3. അമൽ ജി കൃഷ്ണൻ. 9C
4. അനൂപ്. എസ്. 9C

